പ്പെട്ട സാംസ്കാരിക പാരമ്പര്യവും സംരക്ഷിക്കാൻ സംസ്ഥാന സാംസ്കാരിക വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വടക്കൻപാട്ട് അറിയുന്ന പ്രായംചെന്ന പ്രഗത്ഭരായ കലാകാരന്മാരിൽനിന്നും വടക്കൻപാട്ട് ശേഖരിച്ച് നിലനിറുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(സി) മലബാറിന്റെ പഴയ ജനകീയ കലയായ വടക്കൻപാട്ട് ഓർമ്മകൾ മാത്രമായി മാറുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള നാടൻ കലാ അക്കാദമി വടക്കൻ പാട്ടുകളെപ്പറ്റി പ്രത്യേക പഠനവും ആസ്വാദനക്കളരിയും, പരിശീലനക്കളരിയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നാടൻകലാ അക്കാദമി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കേരള നാടൻകലാ അക്കാദമി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

24 (1238) സെൻട്രൽ ആർക്കൈവ്സ്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന സെൻട്രൽ ആർക്കൈവ്സിൽ ഏതെല്ലാം തരത്തിലുള്ള റിക്കാർഡുകളാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ വസ്തുക്കളുടെ ചരിത്രപ്രാധാന്യം നിലനിറുത്തുന്നതിനായി ആർക്കൈവ്സ് വകുപ്പിന്റെ പുനരുദ്ധാരണത്തിനും കൺസർവേഷൻ വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡിയിൽ ആർക്കൈവ്സ് വകുപ്പിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) പി. ആന്റ് എ.ആർ.ഡി. വർക്ക് സ്റ്റഡി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആർക്കൈവ്സ് വകുപ്പിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) സെൻട്രൽ ആർക്കൈവ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽനിന്ന് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കൺസർവേഷന് വിധേയമാക്കാതെ സെൻട്രൽ ആർക്കൈവ്സിലെ രേഖകൾ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുകയാണെങ്കിൽ ഈ ദേശീയരേഖകൾ നശിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ സെൻട്രൽ ആർക്കൈവ്സ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാനുള്ള നീക്കം ഉപേക്ഷിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ സംസ്ഥാനത്തെയും രാജഭരണകാലത്തെയും സംബന്ധിച്ച ഭൂമിയുടെ കണക്കുകൾ, അതിർത്തിരേഖകൾ, റവന്യൂ കണക്കുകൾ, യുദ്ധസന്നാഹങ്ങൾ, ഉടമ്പടികൾ മുതലായവയുടെ വിവരങ്ങൾ, ശ്രീ.പത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഭരണനിർവഹണം,ആചാരാനുഷ്ടാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 10,500 ചുരുണകളും കടലാസിലുള്ള രജിസ്റ്ററുകൾ, വാല്യങ്ങൾ മുതലായവയുടെ പതിനായിരത്തിലേറെ രേഖകളും ആണ് തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്നത്.

(ബി) പുരാരേഖകളുടെ സംരക്ഷണത്തിനായി സംസ്ഥാന പുരാരേഖാ വകുപ്പിൽ ആധുനികരീതിയിലുള്ള ഒരു കൺസർവേഷൻ ലാബ്, വാക്വം ഫ്യൂമിഗേഷൻ ചേമ്പർ, ലാമിനേഷൻ മെഷീൻ, മൈക്രോഫിലിം ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ശാസ്ത്രീയ സംരക്ഷണത്തിന്റെ ഭാഗമായി ആർക്കൈവ്സ് ഡയറക്ടറേറ്റിലെ രേഖകൾ ഇപ്പോൾ സെൻട്രലൈസ് എയർ കണ്ടീഷന്റെ റെപ്പോസിറ്ററികളിലാണ് സംരക്ഷിച്ചുവരുന്നത്.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ആർക്കൈവ്സ് വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയിൽ റെക്കാഡുകളുടെ കാര്യക്ഷമമായ സംരക്ഷണത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ശുപാർശ ചെയ്തിരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(എഫ്)(ജി)&(എച്ച്) സെൻട്രൽ ആർക്കൈവ്സ് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

25 (1239) കണ്ണൂരിൽ സാംസ്കാരിക വകുപ്പിന്റെ പരിപാടികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിവിധ ജനവിഭാഗങ്ങൾ തമ്മിൽ മൈത്രി ഉണ്ടാക്കുവാൻ ഉതകുന്നവിധം അവിടെ സാംസ്കാരിക വകുപ്പിന്റെ പരിപാടികൾ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സാംസ്കാരിക വകുപ്പിന് വരുന്ന ഒരു കൊല്ലക്കാലത്ത് എന്തൊക്കെ പരിപാടികൾ സംഘടിപ്പിക്കുവാൻ പദ്ധതിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly